# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAMPM22/582/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 05/04/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAMPM22/582/23 തീയ്യതി: 05/04/2023

## മലപ്പുറം ജില്ലയിലെ മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-06-2022 മുതൽ 23-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 24-03-2023 | 29-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 24-03-2023 | 29-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ശ്രീ.നസ്സീർ .ടി.കെ -ഓഡിറ്റ് ഓഫീസർ
2.ശ്രീ.സന്തോഷ്.പി.ടി -അസി.ഓഡിറ്റ് ഓഫീസർ
3.ശ്രീമതി.ലത ഒ.വി -സീനിയർ ഗ്രേഡ് ഓഡിറ്റർ
4.ശ്രീ.അമീൻ ഫൈസർ .ടി .ടി -സീനിയർ ഗ്രേഡ് ഓഡിറ്റർ
5.ശ്രീമതി.വിനീത .പി -ഓഡിറ്റർ
6.ശ്രീമതി.ഷീബ .പി -ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സുഹറാബി കാവുങ്ങൽ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.രാജീവ് .പി.കെ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ആശാ ലത.പി.ഡി | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ.ഉണ്ണികൃഷ്ണൻ | കൃഷി ഓഫീസർ | 01-04-2021 | 17-10-2021 |
| ഡോ.റീം റഷീദ് | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീ.അബ്ദുൾ അഷ്റഫ്.വി | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |
| ഡോ.രാജു പട്ടുവിൽ | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി.ബിന്ദു.എം.കെ | ഐ.സിഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ. മൊയ്തു. പി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-10-2021 |
| ശ്രീ. ഉഷാർ കൃഷ്ണൻ. ജി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-11-2021 | 28-02-2022 |
| ശ്രീ.ബിബിൻ മാത്യു | അസിസ്റ്റന്റ് എഞ്ചിനീയർ | 01-03-2022 | 31-03-2022 |
| ഡോ. ബിന്ദ ശശിധരൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 01-04-2021 | 31-03-2022 |
| ഡോ. ബിന്ദു വിജയൻ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ശ്രീമതി.അഞ്ജലി.കെ | കൃഷി ഓഫീസർ | 18-10-2021 | 31-03-2022 |
| ശ്രീമതി.റുമീന.കെ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം(ACR പ്രകാരം) | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 12 | അനുപൂരക പോഷകാഹാര വിതരണം- ബില്ലുകളിന്മേൽ TDS നടത്തിയിട്ടില്ല | 1-12 |
| 13 | കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല | 1-13 |
| 14 | മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കിയിട്ടില്ല | 1-14 |
| 15 | മറ്റ് ഏജൻസികൾക്ക് മുൻകൂർ നൽകൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-15 |
| 16 | ഹരിത കർമ്മ സേനയ്ക്ക് വാഹനം വാങ്ങൽ- TDS നടത്തിയിട്ടില്ല | 1-16 |
| 17 | പൊതു വാട്ടർ ടാപ്പ് വെള്ളക്കരം -സംയുക്ത പരിശോധന തുടർ നടപടി വിവരം ലഭ്യമാക്കണം | 1-17 |
| 18 | ലൈബ്രറി സെസ്സ് അടവാക്കൽ -സർക്കാർ നിർദ്ദേശം പാലിക്കണം | 1-18 |
| 19 | മറ്റ് നിർവ്വഹണോദ്യോഗസ്ഥർക്ക് മുൻകൂർ -ക്രമീകരിക്കണം | 1-19 |
| 20 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല | 1-20 |
| 21 | തെരുവ് വിളക്ക് വൈദ്യുത ചാർജ്ജ് -സംയുക്ത പരിശോധന ശുപാർശ ചെയ്യുന്നു | 1-21 |
| 22 | ഹരിത കർമ്മസേനയുടെ  പ്രവർത്തനം കാര്യക്ഷമമാക്കണം. | 1-22 |
| 23 | നെൽകൃഷിയ്ക്ക് കൂലിചെലവ് സബ്സിഡി -അപാകതകൾ | 1-23 |
| 24 | സ്കൂളുകൾക്ക് ഫർണീച്ചർ വിതരണം -സ്റ്റോക്ക്/വിതരണ വിവരം ലഭ്യമാക്കിയില്ല.. | 1-24 |
| 25 | PHC-മുൻകൂർ നൽകിയ തുകയ്ക്കുള്ള മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല | 1-25 |
| 26 | ഡയാലിസിസ് രോഗികൾക്ക് ധനസഹായം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം | 1-26 |

| | | |
|---|---|---|
| 27 | വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം ഫലപ്രദമല്ല | 1-27 |
| 28 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം-സംബന്ധിച്ച്. | 1-28 |
| 29 | അസി. എൻജിനീയറുടെ അക്കൗണ്ടിലെ തുകകൾ പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. | 1-29 |
| 30 | മരാമത്ത് -ഓഡിറ്റ് പരാമർശം- 6724/- രൂപ അടവാക്കി | 1-30 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്ക് സംക്ഷിപ്തം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| 2021-22 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | (പുതുക്കിയത്) തീരുമാന നം./തിയ്യതി |
|---|---|
| 1(1)/20.2.2021 | 3(1) /2.2.2022 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31 .07.2022 | 19.08.2022 (ILGMS) |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 14326474 |
| വരവ് | 60449271 |
| ആകെ | 74775745 |
| ചെലവ് | 55537170 |
| നീക്കിയിരിപ്പ് | 19238575 |

## 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| പ്ലാൻ (ജനറൽ) | 0 | 8862933 | 8862933 | 8862933 | 0 |
| പ്ലാൻ (SCP) | 0 | 3261798 | 3261798 | 3161000 | 100798 |
| പ്ലാൻ (TSP) | 0 | 0 | 0 | 0 | 0 |
| CFC (Untied) | 0 | 2769185 | 2769185 | 1898889 | 870296 |
| CFC (Tied) | 0 | 5555000 | 5555000 | 1940917 | 3614083 |
| റോഡ് (മെയിന്റനൻസ് ഗ്രാന്റ്) | 0 | 20593400 | 20593400 | 12270759 | 8322641 |
| റോഡിതരം (മെയിന്റനൻസ് ഗ്രാന്റ്) | 0 | 4964433 | 4964433 | 3855206 | 1109227 |
| ബി ഫണ്ട് | 0 | 32025880 | 32025880 | 32025880 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 176 | 62666496 | 130 | 40130136 | 0 | 46 | 73.86% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2508 | 327964 | 330472 | 317504 | 12968 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 8875545 | 8875545 | 8875545 | 0 |
| ആകെ | 2508 | 9203509 | 9206017 | 9193049 | 12968 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2898750 | 170 |
| വിധവാ പെൻഷൻ | 9499700 | 611 |
| വാർദ്ധക്യകാല പെൻഷൻ | 14462230 | 940 |
| വികലാംഗപെൻഷൻ | 4914400 | 302 |
| വിവാഹ ധനസഹായം | 30000 | 1 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 220800 | 14 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.3.2023 ന് 11.40 Am മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4652/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
2. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല. പദ്ധതി മോണിറ്ററിംഗ് രേഖകൾ ഫയലിൽ വെക്കുന്നില്ല.
3. തെരുവ് വിളക്കുകളുടെ പരിപാലനം കൃത്യമായി നിരീക്ഷിക്കുന്നതിനും കൂടെ കൂടെ വിലയിരുത്തുന്നതിനും വിളക്കുകളുടെ ഇനം, എണ്ണം, ലൊക്കേഷൻ എന്നിവ കാണിക്കുന്ന രജിസ്റ്റർ സൂക്ഷിക്കേണ്ടതുണ്ട്.
4. മുൻ ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.
5. ലൈബ്രറി സെസ് സമയബന്ധിതമായി അടവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.
6. വെള്ളക്കരം സംയുക്ത പരിശോധന തുടർനടപടി ത്വരിതപ്പെടുത്തണം.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.1.2023 | ഡിസംബർ 2022 | 18.1.2023 |
| എ.ജി ഓഡിറ്റ് | 20.05 2006 മുതൽ 28.05.2006 വരെ | 1997-98 മുതൽ 2005-2006 വരെ | 21.06.2006 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

21-22 വാർഷികകണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ

ഉൾപ്പെടുത്തിയിട്ടില്ല

2. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule)ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3.ഫിക്സഡ് അസറ്റുകൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയ കാൽക്കുലേഷൻ ഷീറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

4. ഷെഡ്യൂൾ RP-4 പ്രകാരം "Fee For Building Regularisation" എന്ന ഇനത്തിൽ 188,624 രൂപ വരവുണ്ട്. എന്നാൽ രേഖകൾ ലഭ്യമല്ലാത്തിനാൽ തുകയുടെ ആധികാരികത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.
5. പെൻഷൻ ഇനത്തിൽ I-6 & I-14(D) ഷെഡ്യൂളുകളിൽ താഴെപ്പറയുന്ന പ്രകാരം വ്യത്യാസം കാണുന്നു.

| ഇനം | I-6 പ്രകാരമുള്ള തുക | I-14(D) പ്രകാരമുള്ള തുക |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 2916800 | 2898750 |
| വിധവാ പെൻഷൻ | 9528700 | 9499700 |
| വാർദ്ധക്യകാല പെൻഷൻ | 14467800 | 14462230 |
| വികലാംഗ പെൻഷൻ | 4918400 | 4914400 |

6.NREGS മായി ബന്ധപ്പെട്ട് I-6 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിരിക്കുന്നത് 9193049 രൂപയും I-14(C) ഷെഡ്യൂളിൽ രേഖപ്പെടുത്തിയിരിക്കുന്നത് 8864889 രൂപയുമാണ്. വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.15/29.3.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-12 അനുപൂരക പോഷകാഹാര വിതരണം- ബില്ലുകളിന്മേൽ TDS നടത്തിയിട്ടില്ല

അനുപൂരക പോഷകാഹാര വിതരണ പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ വിവിധ അംഗൻവാടികളിൽ അമൃതം ന്യൂട്രിമിക്സിന്റെ വിലയിനത്തിൽ 29,45,937/- രൂപ ഹെൽത്തി & സ്വാദിഷ് ന്യൂട്രിമിക്സ് കുടുംബശ്രീ യൂനിറ്റിന് നൽകിയിട്ടുണ്ട്. ഈ പ്രൊജക്ട് നടപ്പിലാക്കിയതിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1). ജി.എസ്.ടി യുടെ TDS ഈടാക്കിയില്ല.

2017- ലെ ചരക്ക് സേവന നികുതി നിയമം വകുപ്പ് 51 പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷത്തിനു മുകളിലുള്ള വാങ്ങലുകളിൽ 2 ശതമാനം ജി.എസ്.ടി യുടെ TDS (1% CGST + 1% SGST) കുറവ് ചെയ്യേണ്ടതാണ്. എന്നാൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പോഷകാഹാര വിതരണത്തിനുള്ള വിവിധ പദ്ധതികൾ പ്രകാരമുള്ള വാങ്ങലുകളിൽ ജി.എസ്.ടി ഉൾപ്പെടെയുള്ള തുക സ്ഥാപനത്തിന് നൽകിയിട്ടുണ്ടെങ്കിലും TDS ഈടാക്കി അടവാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് | ബിൽ നമ്പർ/തിയ്യതി, തുക (₹) | സ്ഥാപനത്തിന്റെ പേര്. | ഇൻവോയിസ് നമ്പർ / തിയ്യതി | തുക(GST ഒഴികെയുള്ള തുക) (₹) |
|---|---|---|---|---|---|
| 1 | അനുപൂരക പോഷകാഹാരം വിതരണം [16/22] | ബിൽ നമ്പർ. 01/2021-22 തി. 12.07.2021 1277166/- | ഹെൽത്തി & സ്വാദിഷ് ന്യൂട്രിമിക്സ് , കാളിക്കാവ് | 50/30.01.2021 | 27933 |
| | | | | 40/28.02.2021 | 145554 |
| | | | | 04/06.07.2021 | 721648 |
| | | | | 42/28.03.2021 | 138229 |
| | | | | 11/28.04.2021 | 133051 |
| | | | | 10/28.04.2021 | 30712 |
| | | | | 12/28.05.2021 | 135123 |
| | | ബിൽ നമ്പർ. 02/2021-22 തി. 12.07.2021 657379/- | | 10/05.10.2021 | 657379 |

| | | | | | |
|---|---|---|---|---|---|
| | | ബിൽ നമ്പർ.08/2021-22 തി. 13.10.2021 491605/- | | 57/30.08.2021 | 156952 |
| | | ബിൽ നമ്പർ.09/2021-22 തി. 08.11.2021 134310/- | | 62/30.09.2021 | 134310 |
| | | ബിൽ നമ്പർ.06/2021-22 തി. 16.09.2021 161072/- Central Share | | 47/30.07.2021 | 148714 |
| | | ബിൽ നമ്പർ.12/2021-22 തി. 27.11.2021 8890/- | | 68/27.10.2021 | 8890 |
| | | ബിൽ നമ്പർ.14/2021-22 തി. 27.11.2021 106550/- | | 69/ 27.11.2021 | 106550 |
| | | ബിൽ നമ്പർ.17/2021-22 തി. 27.11.2021 118768/- | | 79/30.11.2021 | 118768 |
| 2 | അനുപൂരക പോഷകാഹാരം വിതരണം എസ് സി [16/22] | ബിൽ നമ്പർ.03/2021-22 തി. 25.08.2021 171200/- | | 29/30.06.2021 | 137306 |
| | | ബിൽ നമ്പർ.29/2021-22 തി. 25.08.2021 141634/- | | 47/30.07.2021 | 141634 |
| | | | | ആകെ | 2942753 |

2). ന്യൂട്രിമിക്സ് വിതരണം ചെയ്യുന്ന സ്ഥാപനത്തെ ഭരണസമിതി അംഗീകരിച്ചിട്ടില്ല.

പഞ്ചായത്തിൽ ന്യൂട്രിമിക്സ് വിതരണം ചെയ്ത ഹെൽത്തി & സ്വാദിഷ് ന്യൂട്രിമിക്സ്, പഞ്ചായത്തിലെ വിതരണത്തിനുള്ള ഏജൻസിയായി പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടില്ല. ഈ സ്ഥാപനങ്ങളുമായി ന്യൂട്രിമിക്സ് വിതരണത്തിന് ഗ്രാമപഞ്ചായത്ത് നിർവ്വഹണോദ്യോസ്ഥൻ കരാർ ചമച്ചിട്ടുമില്ല.

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (09/21-22/28.03.2023) ന് മറുപടി ലഭ്യമായില്ല. 2.5 ലക്ഷത്തിനു മുകളിലുള്ള വാങ്ങലുകളിൽ 2 ശതമാനം ജി.എസ്.ടി യുടെ TDS കുറവ് ചെയ്യേണ്ടതാണ്.

## 1-13 കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

2021-22 സാമ്പത്തിക വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിലെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നിരവധി കോൺട്രാക്ടേഴ്സ് ജോലി ചെയ്തു വരുന്നതായി ബോധ്യപ്പെട്ടു. കേരള

പഞ്ചായത്ത്‌രാജ് ആക്ട് 1994 സെക്ഷൻ 204 പ്രകാരം, ഒരു അർദ്ധവർഷത്തിൽ തുടർച്ചയായോ, അല്ലാതെയോ 60 ദിവസം വരുമാനം ആർജ്ജിക്കുന്ന ഓരോ വ്യക്തിയും പഞ്ചായത്തിൽ അതാത് അർദ്ധവർഷത്തെ തൊഴിൽ നികുതി അടക്കാൻ ബാദ്ധ്യസ്ഥനാണ്. ഇതു പ്രകാരം താഴെപ്പറയുന്ന കോൺട്രാക്ടേഴ്സിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| കോൺട്രാക്ടേഴ്സിന്റെ പേര് | പ്രവൃത്തി ഏറ്റെടുത്ത വിവരം |
|---|---|
| ശ്രീ. ഹാരിസ് കെ പി | റോഡ് നിർമ്മാണ പ്രവൃത്തികൾ |
| ശ്രീ. അബ്ദുൾ റഷീദ് | റോഡ് നിർമ്മാണ പ്രവൃത്തികൾ |
| ശ്രീ. ഹനീഫ | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾ |
| ശ്രീ. മുഹമ്മദ് അലി | റോഡ് നിർമ്മാണ പ്രവൃത്തികൾ |
| ശ്രീ. കുഞ്ഞഹമ്മദ് ടി | റോഡ് റീടാറിംഗ് പ്രവൃത്തികൾ |
| ശ്രീ. മുഹമ്മദ് തസ്നീം സി എച്ച് | റോഡ് നിർമ്മാണ പ്രവൃത്തികൾ |
| ശ്രീ. മുഹമ്മദ് ഷരീഫ് പി | റോഡ് നിർമ്മാണ പ്രവൃത്തികൾ |
| ശ്രീ. അബ്ബാസ് കുറ്റിപ്പടിയൻ | റോഡ് നിർമ്മാണ പ്രവൃത്തികൾ |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (12/28.03.2023) ക്ക് മറുപടി ലഭ്യമായില്ല. കോൺട്രാക്ടേഴ്സിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-14 മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്തിന്റ സഞ്ചയ നികുതി നിർണയ വിവരങ്ങൾ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന "ഇൻഡസ് മൊബൈൽ ടവറിന്റെ" വസ്തു നികുതി ചുവടെ ചേർത്ത അർദ്ധവർഷങ്ങളിൽ ഈടാക്കിയതായി കാണുന്നില്ല.

| മൊബൈൽ കമ്പനിയുടെ പേര്, മേൽവിലാസം | കെട്ടിട നമ്പർ | സാമ്പത്തിക വർഷം | നിർണ്ണയിക്കപ്പെട്ട വസ്തു നികുതി& എൽ.സി. | അടവാക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| Indus Tower 8th Floor, Vankarath Building | 4/43 | 2019-20 First Half | 6875 + 344= 7219 | 7219 |
| | | 2020-21 Second Half | 6875 + 344= 7219 | 7219 |
| | | 2021-22 First Half | 6875 + 344= 7219 | 7219 |
| | | | ആകെ | 21657 |

മേൽ മൊബൈൽ ടവറിന്റെ വസ്തു നികുതി നാളിതുവരെയും വസ്തു നികുതി ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (14/28.03.2023) ക്ക് മറുപടി ലഭ്യമായില്ല. വസ്തു നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-15 മറ്റ് ഏജൻസികൾക്ക് മുൻകൂർ നൽകൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

താഴെപ്പറയുന്ന ഏജൻസികൾക്ക് തൻവർഷം മുൻകൂർ നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി

| പ്രൊജക്ട് /പേര് | സ്ഥാപനം | ചെലവ് | വൗച്ചർ /ബിൽ നം |
|---|---|---|---|
| 1).239/22-പഞ്ചായത്ത് റിസോഴ്സ് സെന്ററിന് വിഹിതം നൽകൽ | ജില്ലാ പഞ്ചായത്ത് | 265000 | 26/21-22/16.2.22 |
| 2).121/22-.തെരുവ് വിളക്ക് -മീറ്റർ സ്ഥാപിക്കൽ(ജനറൽ) | കെ.എസ്.ഇ.ബി | 50700 | 7/21-22/8.7.21 |
| 3).6/22-സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | കെ.എസ്.ഇ.ബി | 826000<br>673898 | XVFC/21-22 /P/1/5.3.22<br>XVFC/21-22 /P1/2/9.3.22 |
| 4).2/22-എസ്.എസ്.എ വിഹിതം (എസ്.സി.പി ) | എസ്.എസ്.എ | 300000 | 8/21-22/19.7.21 |
| 5).1/22-എസ്.എസ്.എ വിഹിതം (എസ്.സി) | എസ്.എസ്.എ | 400000 | 9/21-22/19.7.21 |
| ആകെ | | 2515598 | |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻക്വയറിക്ക് (നം :3/21-22/27.3.22)മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-16 ഹരിത കർമ്മ സേനയ്ക്ക് വാഹനം വാങ്ങൽ- TDS നടത്തിയിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി

| | | | |
|---|---|---|---|
| പ്രൊജക്ട് നം:പേര് | 53/22-ഹരിത കർമ്മ സേനയ്ക്ക് വാഹനം വാങ്ങൽ | അടങ്കൽ/ഫണ്ടിനം | 307500 (Cfc)<br>97500 (Central)<br>55000(own Fund) |
| ചെലവ് (442577 ) | (1)307500<br>(2)97500<br>(3)37577 | ബിൽ നം: /തീ: | 1.XVFC/2021-22/P/ 6/ 24.3.22<br>2.22100917/31.3.22<br>3.22100920/31.3.22 |
| കോൺട്രാക്ട് | ഒറിനോ ഡിജിറ്റൽ (Pvt)ലിമിറ്റഡ് തിരുവനന്തപുരം (GEM പർച്ചേസ് ) | എഗ്രിമെന്റ് | 7/21-22/19.3.22 |

2017- ലെ ചരക്ക് സേവന നികുതി നിയമം വകുപ്പ് 51 പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാങ്ങലുകളിൽ 2 ശതമാനം ജി.എസ്.ടി യുടെ TDS (1% CGST + 1% SGST) കുറവ് ചെയ്യേണ്ടതാണ്. മേൽ പ്രകാരമുള്ള വാങ്ങലുകളിൽ ജി.എസ്.ടി ഉൾപ്പെടെയുള്ള തുക സ്ഥാപനത്തിന് നൽകിയിട്ടുണ്ടെങ്കിലും TDS ഈടാക്കി അടവാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ബിൽ വിവരം

1.അപ്പേ ഇലക്ട്രിക്ക് ഓട്ടോറിക്ഷ 1 - 387787.62
ജി.എസ്.റ്റി 5% -19389.35
ആകെ -407177/-
2.അപ്പേ ബോഡി&ഗ്രിൽ -29999.92
ജി.എസ്.റ്റി 18% - 5399.98
ആകെ -35399/-
ആകെ (1+2) -442577/-(417788 +24789 )

2% TDS (417788 X2% =8356/- )നടത്തിയ രേഖകൾ ഹാജരാക്കിയിട്ടില്ല.
ഓഡിറ്റ് എൻക്വയറിക്ക് (നം:4/21-22/28.3.23 )മറുപടി ലഭ്യമാക്കിയിട്ടില്ല.സർക്കാർ നിർദ്ധേശം പാലിച്ച് പർച്ചേസുകൾ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 പൊതു വാട്ടർ ടാപ്പ് വെള്ളക്കരം -സംയുക്ത പരിശോധന തുടർ നടപടി വിവരം ലഭ്യമാക്കണം

വാട്ടർ അതോറിറ്റിയുടെ പൊതു ടാപ്പ് വെള്ളക്കരം അടവാക്കൽ സംബന്ധിച്ച് ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽ പ്പെട്ടു
1.വൗച്ചർ നം 22100043/22.4.21 പ്രകാരം എപ്രിൽ മാസത്തെ വെള്ളക്കരം അടവാക്കിയതിന്റ ഡിമാന്റ് നോട്ടീസ് (ബിൽ നം 50784/13.4.21) പ്രകാരം ആകെ തുക ഫൈൻ ഉൾപ്പടെ 529276/- രൂപയാണ്, എന്നാൽ വൗച്ചർ പ്രകാരം അടവാക്കിയത് 16080/- രൂപ മാത്രം ആണ്. കാരണം വ്യക്തമാക്കിയിട്ടില്ല.
പഞ്ചായത്ത് സെക്രട്ടറിയുടെ എ2/177/2017/15.6.21നമ്പർ കത്ത് പ്രകാരം വാട്ടർ അതോറിറ്റിയോട് വെള്ളക്കരം ഡിമാന്റ് ചെയ്യൽ ഉടൻ പ്രാബല്യത്തിൽ നിർത്തലാക്കണമെന്ന് അറിയിച്ചതായി കാണുന്നു. എന്നാൽ പഞ്ചായത്തും വാട്ടർ അതോറിറ്റിയും ചേർന്ന് സംയുക്ത പരിശോധന നടത്തി ടാപ്പുകൾ ഇല്ലെന്ന റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.
മുൻ വർഷങ്ങളിൽ നിരവധി തവണ ഇതു സംബന്ധിച്ച് വാട്ടർ അതോറിറ്റിയുടെ ശ്രദ്ധയിൽപെടുത്തിയിട്ടും ഗ്രാമ പഞ്ചായത്തിന്റെ കത്തുകളും അപേക്ഷകളും പരിഗണിക്കുകയോ ഉപയോഗ ശൂന്യമായ പൊതു ടാപ്പുകൾ നിർത്തലാക്കുന്നതിനുള്ള നടപടികളോ അതോറിറ്റിയുടെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ല. ഇക്കാര്യം 2.2.2022 ലെ 8(1) നമ്പർ തീരുമാന പ്രകാരം ഭരണ സമിതി ചർച്ച ചെയ്യുകയും വാട്ടർ അതോറിറ്റി മലപ്പുറം എക്സി. എഞ്ചിനീയർക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതിന് തീരുമാനിക്കുകയും എക്സി. എഞ്ചിനീയർക്കെതിരെ വക്കീൽ നോട്ടീസ് അയക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.തുടർ നടപടി വിവരം ലഭ്യമാക്കിയിട്ടില്ല

വാട്ടർ അതോറിറ്റിയുടെ കുടിശ്ശിക ബില്ലിന്റെ നിജസ്ഥിതി പരിശോധിക്കപ്പെടേണ്ടതും രേഖാമൂലം കത്ത് നൽകിയിട്ടും സംയുക്ത പരിശോധനക്ക് തയ്യാറാകാത്ത അതോറിറ്റിയുടെ നിലപാട് ജി.ഒ.(ആർ.ടി.) 2242/2011/ ത.സ്വ.ഭ.വ, തി-28.9.2011 നമ്പർ ഉത്തരവിൽ സർക്കാർ നിർദ്ദേശിച്ചത് പ്രകാരം ബഹു. പഞ്ചായത്ത് ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ആയത് സംബന്ധിച്ച് തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം :5/21-22 /28.3.23- മറുപടി ലഭ്യമാക്കിയിട്ടില്ല).

## 1-18 ലൈബ്രറി സെസ്സ് അടവാക്കൽ -സർക്കാർ നിർദ്ദേശം പാലിക്കണം

1989 ലെ കേരള പബ്ലിക് ലൈബ്രറീസ് ആക്ട്, വകുപ്പ്- 48(1) പ്രകാരം ,ലൈബ്രറി സെസ്സിനത്തിൽ ഈടാക്കിയ തുക 3 മാസത്തിനുള്ളിൽ സംസ്ഥാന ലൈബ്രറി കൗൺസിലിലേക്ക് അടവാക്കിയിട്ടില്ലെങ്കിൽ 2 ശതമാനം പിഴ ഒടുക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. സെക്രട്ടറിയും പ്രസിഡണ്ടും അത്തരത്തിലുള്ള വൈകലിന് ബാധ്യസ്ഥരായിരിക്കുമെന്നും വ്യക്തമാക്കുന്നുണ്ട്.
21-22 ൽ താഴെപ്പറയും പ്രകാരം ലൈബ്രറി സെസ്സ് അടവാക്കിയിട്ടുണ്ട്

വൗച്ചർ നം : 22100466/26.10.21 പ്രകാരം 183405 രൂപ (20-21 ൽ പിരിച്ചെടുത്ത ലൈബ്രറി സെസ്സ് )
വൗച്ചർ നം :22100522/3.11.21 പ്രകാരം 20695രൂപ (4/21 മുതൽ 9/2021 വരെ )

ലൈബ്രറി സെസ് അടവാക്കുന്നതിൽ സമയപരിധി പാലിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം:6/21-22/28.3.23 പ്രകാരം അപാകത ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

## 1-19 മറ്റ് നിർവ്വഹണോദ്യോഗസ്ഥർക്ക് മുൻകൂർ -ക്രമീകരിക്കണം

2021-22 ലെ വാർഷിക കണക്ക് പ്രകാരം മറ്റ് നിർവ്വഹണോദ്യോഗസ്ഥർക്ക് മുൻകൂർ നൽകിയത് ക്രമീകരിക്കാനുള്ളതിന്റ വിവരം ചുവടെ ചേർക്കുന്നു
മറ്റ് നിർവ്വഹണോദ്യോഗസ്ഥർക്ക് മുൻകൂർ ക്രമീകരിക്കാനുള്ളത് - 394224
തൊഴിലുറപ്പ് പദ്ധതി മുൻകൂർ ക്രമീകരിക്കാനുള്ളത് -540392
ഫെസ്റ്റിവെൽ അഡ്വാൻസ് -18000
മേൽ പ്രകാരമുള്ള മുൻകൂറുകൾ ക്രമീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്

## 1-20 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നി ബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാ രോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന ഗ്രാമ പഞ്ചായത്ത് നിവാസികളും നിർധനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം

നൽകുന്നതിനായി ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. കലാ കായിക വിനോദ പരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവർ അടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500 രൂപ വരെ അടിയന്തിരസഹായം നൽകാൻ ചട്ടം വ്യവസ്ഥ ചെയ്യുന്നുണ്ട്.

ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല. ബാങ്ക് അക്കൗണ്ടും രൂപീകരിച്ചിട്ടില്ല. ദുരിതാശ്വാസ നിധിയുടെ പ്രവർത്തനങ്ങൾ ചട്ട പ്രകാരം നടപ്പാക്കാത്തതിന് കാരണം വിശദീകരിക്കപ്പെടേണ്ടതാണ്. തുടർ നടപടി സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം:19/21-22/29.3.23 പ്രകാരം അപാകത ശ്രദ്ധയിൽപ്പെടുത്തി.

## 1-21 തെരുവ് വിളക്ക് വൈദ്യുത ചാർജ്ജ് -സംയുക്ത പരിശോധന ശുപാർശ ചെയ്യുന്നു

പഞ്ചായത്തിന്റെ തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജ് അടവാക്കുന്നത് സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു

1.കൃത്യമായ ആസ്തി വിവരം പഞ്ചായത്തിൽ ലഭ്യമല്ല (തെരുവ് വിളക്കുകളുടെ എണ്ണം ,തരം ,പോസ്റ്റ് വിവരംഎന്നിവ )

2.വാർഷിക കണക്ക് പ്രകാരം തൻ വർഷം 480093/-രൂപ തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജ് ഇനത്തിൽ ആകെ ചെലവുണ്ട് (ശരാശരി പ്രതിമാസം 40000/-രൂപ ) എന്നാൽ കെ.എസ്.ഇ.ബി യുടെ വിശദമായ ഡിമാന്റ് വിവരം ഫയലിലില്ല.

3.മുൻപ് പഞ്ചായത്തും കെ.എസ്.ഇ.ബിയും ചേർന്ന് സംയുക്ത പരിശോധന നടത്തിയത് സംബന്ധിച്ച് വിവരം ലഭ്യമല്ല

4. പ്രൊജക്ട് നം 6/22 ,121/22 എന്നിവ പ്രകാരം സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ ,മീറ്റർ സ്ഥാപിക്കൽ എന്നിവയ്ക്കുക് തുക കെ.എസ്.ഇ.ബി യിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല

5.വാർഡ് അടിസ്ഥാനത്തിൽ ഇലക്ട്രിക്ക് പോസ്റ്റുകൾക്ക് നമ്പറിങ് നടത്തി ലൈറ്റുകളുടെ കൃത്യമായ വിവരം രേഖപ്പെടുത്തിയ രേഖ പഞ്ചായത്തിൽ ലഭ്യമല്ല ഇതു സംബന്ധിച്ച് മോണിട്ടറിങ് സമിതി നിർദ്ദേശങ്ങളൊന്നും ഫയലിൽ ലഭ്യമല്ല

തെരുവ് വിളക്കുകളുടെ ആസ്തി വിവരം കാലികമാക്കി സ്ട്രീറ്റ് മെയിൻ,മീറ്ററുകൾ സ്ഥാപിച്ച് തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജ് കുറ്റമറ്റതാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം :20/21-22/20.3.23 )മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-22 ഹരിത കർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.

സംസ്ഥാനത്തിന്റെ രൂക്ഷമായ മാലിന്യപ്രശ്നത്തിന് വികേന്ദ്രീകൃത രീതിയിൽ പരിഹാരം കാണുന്നതിന് 15.07.2017 -ലെ സ.ഉ(എംഎസ്)നം.2420/2017/തസ്വഭവ പ്രകാരം ആവിഷ്കരിച്ച സംവിധാനമാണ് ഹരിത കർമ്മസേന. 13 വാർഡുകളിലായി 9 അംഗങ്ങളെ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തിൽ 7.3.20 ലാണ് ഹരിത കർമ്മസേന പ്രവർത്തനം ആരംഭിച്ചത്. 2021-22 വർഷങ്ങളിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി മൂലധന ചെലവൊഴികെ തുക വകയിരുത്തിയതിന്റെയും ചെലഴിച്ചതിന്റെയും വിവരങ്ങൾ താഴെ ചേർക്കുന്നു

| വകയിരുത്തിയ തുക (₹) | | പ്രൊജക്ട് | ചെക്ക്/ബിൽ നം/ തീയതി | ചെലവഴിച്ച തുക (₹) |
|---|---|---|---|---|
| തനത് ഫണ്ട് | 100000 | മാലിന്യം കയറ്റി അയയ്ക്കുന്നതിന് ക്ലീൻ കേരള കമ്പനിയ്ക്ക് തുക നൽകൽ 216/22 | 2210465/23.10.21 | 45076 |
| പ്ലാൻ ഫണ്ട് | 47850 | ഹരിത കർമ്മസേനാംഗങ്ങൾക്ക് വി.ജി.എഫ് നൽകൽ (സ്പിൽഓവർ -154/22) | 8,10/11.1.22 | 47850 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 150800 | ഹരിത കർമ്മസേനാംഗങ്ങൾക്ക് വി.ജി.എഫ് നൽകൽ (101/22) | 14/2.3.22 | 120100 |

ഹരിത കർമ്മസേനയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല.

1)12-08-2020 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1496/2020/ത.സ്വ.ഭ.വ പ്രകാരം അജൈവ പാഴ് വസ്തുക്കൾ സംഭരണം നടത്തുന്നതിന് ആവശ്യമായ എം.സി.എഫുകൾ വാർഡ് തലത്തിലും (കുറഞ്ഞത് 2 വാർഡുകൾക്ക് 150 സ്ക്വയർ ഫീറ്റിൽ കുറയാതെ വിസ്തീർണ്ണം വേണം) തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ 1000 സ്ക്വയർ ഫീറ്റിൽ കുറയാതെ വിസ്തീർണ്ണമുള്ള എം.സി.എഫുകൾ നിർമ്മിക്കുകയോ വാടകക്ക് ഏർപ്പെടുത്തിയിരിക്കുകയോ വേണം. മാലിന്യ ശേഖരണത്തിനുള്ള സ്ഥിരം സംവിധാനം എന്ന നിലയിൽ ഗ്രാമപഞ്ചായത്തിന് സ്വന്തമായ ഒരു എം സി എഫ് നാളിത് വരെ സാധ്യമായിട്ടില്ല. നിലവിൽ 2-ാം വാർഡിലെ കാച്ചിനിക്കാടിൽ ബ്ലോക്ക് പഞ്ചായത്തിന്റെ കെട്ടിടത്തിലാണ് എം സിഎഫ് പ്രവർത്തിയ്ക്കുന്നത്. സ്ഥിരം സംവിധാനം ഒരുക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

2)മാലിന്യ ശേഖരണത്തിനുള്ള ചെലവുകൾ കണ്ടെത്തുന്നതിനുള്ള പ്രധാന വരുമാനം ഉപഭോക്താക്കളിൽ നിന്നും പിരിച്ചെടുക്കുന്ന യൂസർഫീയാണ്. വീടുകൾക്ക് 50 രൂപയും വ്യാപാര സ്ഥാപനങ്ങൾക്ക് 100 രൂപയുമാണ് യൂസർഫീയായി നിശ്ചയിച്ചിട്ടുള്ളത്. ഇതിനായി അച്ചടിച്ച രസീത് ബുക്കുകളുടെ സ്റ്റോക്ക് സംബന്ധിച്ച വിവരം പരിശോധനക്ക് ഹാജറാക്കിയിട്ടില്ല.

3)കളക്ഷൻ കാർഡ് തയ്യാറാക്കി ഉപഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ , എംസി.എഫിലേക്ക് എത്തിക്കുന്ന അജൈവ മാലിന്യങ്ങളുടെ തരം തിരിച്ചുള്ള അളവ് രേഖപ്പെടുത്തുന്ന സ്റ്റോക്ക് രജിസ്റ്റർ എന്നിവയും പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

4)മാലിന്യസംസ്കരണം തുടർച്ചയായി ചെയ്ത് വരേണ്ട പ്രവൃത്തിയും പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽ പെട്ടതുമാണ്. 12-08-2020 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1496/2020/ത.സ്വ.ഭ.വ പ്രകാരം മാലിന്യ ശേഖരണത്തിന് നിശ്ചിത വലുപ്പത്തിലുള്ള സഞ്ചി/ചാക്ക് ഗുണഭോക്താക്കൾക്ക് നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നെങ്കിലും പ്രോജക്റ്റ് തയ്യാറാക്കി ചാക്ക് /സഞ്ചി വാങ്ങി നൽകാൻ ഭരണസമിതി നടപടി സ്വീകരിച്ചില്ല.

5)2021-22 വർഷത്തിൽ ഹരിത കർമ്മസേനക്ക് VGF ഇനത്തിൽ 120100/- രൂപ നൽകിയിട്ടുണ്ട്.VGF കണക്കാക്കിയതിന്റെ വിവരം, കൺസോർഷ്യത്തിന്റെ പ്രവർത്തനാവലോകന റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

6)പ്രാരംഭഘട്ടത്തിൽ 9അംഗങ്ങൾ ഉണ്ടായിരുന്നുവെങ്കിലും 8 പേർ മാത്രമാണ് ഇപ്പോൾ ഹരിതകർമസേനയിൽ അംഗങ്ങളായിട്ടുള്ളത്. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഹരിത കർമ്മസേന പ്രവർത്തന മാർഗ്ഗരേഖ 2.4 പ്രകാരം ഓരോ മാസത്തിലും എക്സിക്യൂട്ടീവ് കമ്മിറ്റി യോഗങ്ങൾ നടത്തേണ്ടതാണ്.എന്നാൽ യോഗം ചേർന്നതിന്റെ വിവരം , മിനിട്സ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.22/21-22 /29.3.23) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതും ഹരിത കർമ്മസേനയുടെ പ്രവർത്തനം പൂർണ്ണതോതിൽ നടപ്പിൽ വരുത്തി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-23 നെൽകൃഷിയ്ക്ക് കൂലിചെലവ് സബ്സിഡി -അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ : കൃഷി ഓഫീസർ

പ്രോജെക്ട് /പേര് :നെൽകൃഷിയ്ക്ക് കൂലിചെലവ് സബ്സിഡി (108/22)

അടങ്കൽ : 596480/- (പ്ലാൻ)

ചെലവ് : 596480/-

ബിൽ നം/ തിയ്യതി/ഉക : 4/6.12.21 -136000/-

ബിൽ നം/ തിയ്യതി/ഉക :5/6.12.21 - 136000/-

ബിൽ നം/ തിയ്യതി/ഉക : 6/6.12.21 -324480/-

ആകെ :596480/-

മേൽ പ്രോജെക്ട് പ്രകാരം നെൽകൃഷി വികസനത്തിന് വിവിധ ബില്ലുകൾ മുഖാന്തിരം 87ഗുണഭോക്താക്കൾക്ക് 596480/-രൂപ നെൽകൃഷിക്ക് കൂലിച്ചെലവിന് സബ്സിഡി നൽകിയിട്ടുണ്ട്. മേൽ പ്രോജെക്ടുമായി ബന്ധപ്പെട്ട ഫയൽ/അപേക്ഷകൾ എന്നിവ പരിശോധിച്ചപ്പോൾ, താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുകയുണ്ടായില്ല.

1. സർക്കാർ ഉത്തരവ് (കൈ)22/18/തസ്വഭവ തി. 14.2.18 ഖ. 6.1 പ്രകാരം നെൽകൃഷിക്ക് കൂലിച്ചെലവ് നൽകുന്ന ഗുണഭോക്താക്കൾക്ക് കൃഷി വകുപ്പിൽ നിന്നും ഈ ഇനത്തിൽ ഉക കൈപ്പറ്റിയിട്ടില്ല എന്ന് ഉറപ്പു വരുത്തേണ്ടതാണ്. എന്നാൽ നിർവഹണ ഉദ്യോഗസ്ഥൻ കൃഷി വകുപ്പിൽ നിന്നും ഇത്തരത്തിൽ ആനുകൂല്യം നൽകിയിട്ടില്ല എന്ന് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. മേൽ ഉത്തരവ് പ്രകാരം നെൽകൃഷിക്ക് കൂലിച്ചെലവ് ആനുകൂല്യം കൈപ്പറ്റുന്ന കർഷകർ വിള ഇൻഷൂറൻസ് മുൻകൂറായി അടച്ച് രശീതി വാങ്ങി സൂക്ഷിക്കാൻ നിർദേശിച്ചിരുന്നു.എന്നാൽ ഫയലിൽ കർഷകർ വിള ഇൻഷൂറൻസ് മുൻകൂറായി അടവാക്കിയ രശീതി സൂക്ഷിച്ചിട്ടില്ല.

3)മേൽ ഉത്തരവ് ഖ. 7.1 പ്രകാരം പ്രകാരം,മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ എല്ലാ സാധ്യതകളും പരിഗണിച്ചു കൊണ്ടായിരിക്കണം കാർഷികമേഖലയുടെ സമഗ്ര പരിപാടികൾക്ക് രൂപം നൽകേണ്ടത് എന്നും നടീലും വിളവെടുപ്പും ഒഴികെയുള്ള പ്രവർത്തനങ്ങൾക്കെല്ലാം തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണമെന്നും നിഷ്കർഷിക്കുന്നുണ്ട്. തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെടുത്തി പ്രവൃത്തികൾ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

4)പാട്ടകൃഷി നടത്തിയ അപേക്ഷകർ സ്ഥലമുടമയുടെ സമ്മതപത്രം അപേക്ഷകളോടൊപ്പം ഹാജരാക്കിയിട്ടില്ല.

5) പദ്ധതിയുടെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല.

മേൽ രേഖകൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 21/21-22/29.3.23) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ പ്രഥമ മറുപടിയോടൊപ്പം ലഭ്യമാക്കി അറിയിക്കേണ്ടതാണ്. അതുവരെ, പദ്ധതിക്കായി ചെലവഴിച്ച 596480/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-24 സ്കൂളുകൾക്ക് ഫർണീച്ചർ വിതരണം -സ്റ്റോക്ക്/വിതരണ വിവരം ലഭ്യമാക്കിയില്ല..

2021-22 സാമ്പത്തിക വർഷത്തിൽ ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്ടുകൾ പ്രകാരം “ആർട്കോ”യിൽ നിന്നും വാങ്ങിയ ഫർണീച്ചർ/ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റേയും വിതരണം ചെയ്തതിന്റെയും വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1)പ്രൊജക്ടിന്റെ പേര് :ഗവ. സ്കൂളുകൾക്ക് ഫർണീച്ചർ നല്കൽ 217/22

അടങ്കൽ : 200000/- (സി.എഫ്.സി)

ചെലവ് :199663/- രൂപ (ബിൽ നം 328/24.3.22)

പ്രസ്തുത പ്രൊജക്ട് പ്രകാരം ആർട്കോയിൽ നിന്നും ഇൻവോയ്സ് നം 487/19.3.22 പ്രകാരം ഫർണീച്ചർ വാങ്ങിയതിന്റെ വിവരമാണ് താഴെ കൊടുത്തിരിക്കുന്നത്.

| ക്രമ നം | ഇനം | എണ്ണം | നിരക്ക് (₹) | ജി.എസ്.ടി. അടക്കം ആകെ തുക (₹) |
|---|---|---|---|---|
| 1 | സ്റ്റീൽ ബെഞ്ച് | 10 | 2875 | 33925 |
| 2 | സ്റ്റീൽ ഫ്രെയിം ബെഞ്ച് വിത്ത് റബ് വുഡ് ടോപ്പ് | 1 | 2823 | 3330 |
